LIBRARY ARCHIVES Kerala Legislative Assembly

**കൺസ്യൂമർഫെഡിലെ ഓഡിറ്റിംഗ്**

121(2322) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ ഏതു വർഷംവരെയുള്ള ഓഡിറ്റിംഗാണ് പൂർത്തിയായിട്ടുള്ളത്; പൂർത്തിയായ ഓഡിറ്റിംഗ് റിപ്പോർട്ടുപ്രകാരമുള്ള അറ്റ നഷ്ടം എത്രയാണ്; അവസാന വർഷ ഓഡിറ്റിംഗിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ എന്തൊക്കെയാണ്;

(ബി) കൺസ്യൂമർഫെഡിന്റെ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ 2011-12 വർഷം വരെയുള്ള ആഡിറ്റാണ് പൂർത്തിയായിട്ടുള്ളത്. ആയത് പ്രകാരം ഫെഡറേഷന്റെ അറ്റനഷ്ടം 128.23 കോടി രൂപയാണ്. അവസാന വർഷ ഓഡിറ്റിംഗിൽ ചൂണ്ടിക്കാണിച്ച ന്യൂനതകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) കൺസ്യൂമർഫെഡിന്റെ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കുന്നതിലേക്കായി സബ്സിഡി ഇനത്തിൽ സർക്കാർ നൽകുവാനുള്ള തുക നൽകുന്നതിനുള്ള മാനേജിംഗ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. സഹകരണ ഓണം വിപണി-2015 നടത്തുന്നതിനായി സർക്കാർ സബ്സിഡിയായി കൺസ്യൂമർഫെഡറേഷന് 25 കോടി രൂപ നൽകിയിട്ടുണ്ട്. സഹകരണ ക്രിസ്തുമസ് വിപണി-2015 നടത്തുന്നതിലേക്കായി സബ്സിഡി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കൺസ്യൂമർഫെഡിലൂടെ വിൽക്കുന്ന സാധനങ്ങൾക്ക് സബ്സിഡി**

122(2323) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഏതെല്ലാം സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നത് എന്ന് വിശദമാക്കാമോ; അവശ്യ വസ്തുക്കൾ മാർക്കറ്റ് നിരക്കിനേക്കാൾ കുറച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഉപഭോക്താക്കൾക്ക് വാഹനങ്ങളിൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് ക്രമീകരിച്ചിരിക്കുന്ന സംവിധാനം വാഹനം കേട് വന്നതുമൂലം ഉപേക്ഷിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.